പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 1912 | 14/08/2017 ൽ മറുപടിക്ക് |
|---|---|

## രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യവിൽപ്പന തടയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.മുരളീധരൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഹാനികരമായ രാസപദാർത്ഥങ്ങൾ ചേർത്ത മത്സ്യങ്ങൾ വിപണിയിൽ വിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം മത്സ്യവിൽപ്പന തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) | മത്സ്യത്തിൽ മനുഷ്യശരീരത്തിന് ഹാനികരമാകുന്ന സോഡിയം ബെൻസ്വയേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾ ചേർക്കുന്നു എന്നുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ മറൈയിൻ പ്രോഡക്ട്സ് എക്സ്പോർട്ട് അതോറിറ്റി, സെൻട്രൽ ഇസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെയോഗം ഭക്ഷ്യസുരക്ഷാ കമ്മീഷണർ വിളിച്ചു കൂട്ടുകയും മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ഓപ്പറേഷൻ സാഗർ റാണി എന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യം ലേലംചെയ്യുകയും, വിപണനം നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യത്തിന്റെയും, മത്സ്യത്തിൽ ചേർക്കുന്ന ഐസ്സിന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുകയുണ്ടായി. ഈ സാമ്പിളുകൾ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളിലാണ് പരിശോധന നടത്തിയത്. പ്രസ്തുത പരിശോധനയിൽ സോഡിയം ബെൻസ്വയേറ്റിന്റെ സാന്നിദ്ധ്യവും, ഐസ്സിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും കണ്ടെത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | ഇതേ തുടർന്ന് സാഗർ റാണിയുടെ രണ്ടാം ഘട്ട ത്തിൽ ഉപഭോക്താക്കളെയും, മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും പൂർണ്ണമായി ബോധ വൽക്കരിക്കുന്നതിനായി ഓരോ ജില്ലകളിലും മിനിമം 3 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടി പ്പിക്കുകയും, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് വീഴ്ചയുണ്ടായി ട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ